(ഇ) അപ്രകാരം എത്ര വീടുകൾ കൈമാറ്റം ചെയ്തിട്ടുണ്ട് ;

(എഫ്) എത്ര വീടുകളുടെ കൈമാറ്റം കോർപ്പറേഷൻ അംഗീകരിച്ചിട്ടുണ്ട് ;

(ജി) കോർപ്പറേഷൻ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള വീടുകൾ കൈമാറ്റം ചെയ്ത ജീവനക്കാർക്കെതിരെ നടപടികൾ വല്ലതും സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 116 വീടുകൾ ഉണ്ട്.

(ബി) പ്രത്യേക മാനദണ്ഡം ഒന്നുമില്ല.

(സി) 23 വീടുകൾ

(ഡി) ഉണ്ട്.

(ഇ) 31 വീടുകളിൽ കോർപ്പറേഷനിൽ നിന്നും അനുവദിച്ചുകൊടുത്ത വരല്ല താമസിക്കുന്നത്.

(എഫ്) 31 വീടുകൾ കൂടാതെ 8 വീടുകളും അവകാശം മാറി അനുവദിച്ചിട്ടുണ്ട്.

(ജി)ഉണ്ട്.

ഏറ്റുമാനൂർ പഞ്ചായത്ത്

1298. [1765] ശ്രീ. ഇ. ജെ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയം ഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഏറ്റുമാനൂർ പഞ്ചായത്ത് ഒരു മുനിസിപ്പാലിറ്റിയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

പഞ്ചായത്ത് മുനിസിപ്പാലിറ്റിയാക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡം ഏറ്റുമാനൂർ പഞ്ചായത്തിനുണ്ടെങ്കിൽ നിവേദനം കിട്ടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ഉഴവൂർ പഞ്ചായത്തിന് കെട്ടിടം

1299 [1766] ശ്രീ. ഇ. ജെ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉഴവൂർ പഞ്ചായത്തിന് സ്വന്തമായി ഒരു കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചു വരുന്നു.

കൊരട്ടി പഞ്ചായത്തിലെ തെരുവു വിളക്കുകൾ

1300. [1769] ശ്രീ. കെ. ജെ. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി പഞ്ചായത്തിലെ തെരുവു വിളക്കുകൾ കത്താതായിട്ട് എത്ര നാളായി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉടനടി ഈ തെരുവു വിളക്കുകൾ കത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 16-5-1985 മുതൽ കത്താതായിരിക്കുന്നു.

(ബി) തെരുവു വിളക്കുകൾ വീണ്ടും കത്തിക്കുന്നതിന് സത്വര നടപടി സ്വീകരിച്ചുവരുന്നു.

തൃശ്ശൂർ നഗരത്തിലെ ട്രാഫിക് സിഗ്നൽ

1301 [1770] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തൃശ്ശൂർ മുനിസിപ്പാലിറ്റിയിൽ ആശുപത്രി ജംഗ്ഷനിൽ സ്ഥാപിച്ചിട്ടുള്ള ട്രാഫിക് സിഗ്നൽ ഗതാഗത നിയന്ത്രണ സംവിധാനം പ്രവർത്തിച്ചിട്ട് എത്ര നാളായി എന്ന് പറയാമോ ;

(ബി) ഈ കേടു വന്ന സിഗ്നൽ നന്നാക്കുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് നടപടി സ്വീകരിക്കും

(ഡി) ഇതിനുള്ള ഉത്തരവാദിത്വം ആർക്കാണ് ;

(ഇ) ഈ സംവിധാനത്തിന് തൃശ്ശൂർ മുനിസിപ്പാലിറ്റി ഇതിനകം എത്ര സംഖ്യ ചെലവാക്കിയെന്ന് പറയാമോ ?

ഉത്തരം

(എ,ബി,സി) 21-10-1982-ന് കേട് വന്ന സിഗ്നൽ നന്നാക്കിയിട്ടുണ്ട്.

സിഗ്നലിന് ഇപ്പോൾ തകരാറൊന്നുമില്ല.

(ഡി) ഉത്തരവാദിത്വം പോലീസ് ഡിപ്പാർട്ടുമെന്റിനും മുനിസിപ്പാലിറ്റിക്കും കൂടിയുള്ളതാണ്.

(ഇ) ഇതിനകം 1,52,386 രൂപ ചെലവാക്കിയിട്ടുണ്ട്.

കമ്പിൽ ബാലവാടി കെട്ടിട നിർമ്മാണം

1302. [1771] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ നാറാത്ത് പഞ്ചായത്ത് ഫണ്ടിൽനിന്നും നാറാത്ത് മഹിളാ സമാജത്തിന്റെ കീഴിലുള്ള കമ്പിൽ ബാലവാടി കെട്ടിട നിർമ്മാണത്തിന് ആയിരം രൂപ സംഭാവന നൽകുന്നതിന് അനുവാദം ലഭിക്കേണ്ടതിലേക്ക് കണ്ണൂർ ജില്ലാ പഞ്ചായത്താഫീസർ 10-12-1984-ൽ ഡി2/14333/84 നമ്പരായി അയച്ച ശുപാർശ പഞ്ചായത്ത് ഡയറക്ടർ ആഫീസിൽ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ ഇതിനകം എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) മേൽ നമ്പർ പ്രകാരമുള്ള ശുപാർശ ഡയറക്ടർ ആഫീസിൽ ലഭിച്ചിട്ടില്ലെങ്കിൽ അതിന്റെ നിജസ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly